## പതിനാലാം കേരള നിയമസഭ
### ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 312** **29-06-2016-ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങൾക്ക് മൊത്ത വിതരണ നിരക്കിൽ ലോട്ടറി ടിക്കറ്റുകൾ ലഭ്യമാക്കുന്നതിന് നടപടി**

| | ചോദ്യം<br>ശ്രീ. കെ.ഡി. പ്രസേനൻ | | മറുപടി<br>ശ്രീ. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ലോട്ടറി ഏജൻസി നടത്തുന്ന സഹകരണ സംഘങ്ങൾക്ക് മൊത്തവിതരണ നിരക്കിൽ ടിക്കറ്റുകൾ ലഭ്യമാക്കുന്നുണ്ടോ; | (എ) | ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ നിന്ന് ടിക്കറ്റ് വാങ്ങുന്ന അംഗീകൃത ഏജന്റുമാർക്ക് 30/- രൂപ ഭാഗ്യക്കുറികൾക്ക് 3 സ്ലാബുകളിലായി, 2000 ടിക്കറ്റുകൾ വരെ 26%, 2001 മുതൽ 10,000 ടിക്കറ്റുകൾ വരെ 27%, 10,000 ടിക്കറ്റിന് മുകളിൽ 28% എന്ന നിരക്കിലും, 50/- രൂപ ഭാഗ്യക്കുറികൾക്ക് 4000 ടിക്കറ്റുകൾ വരെ 28%, 4000 ടിക്കറ്റിന് മുകളിൽ 30% എന്ന നിരക്കിലും ഡിസ്കൗണ്ട് അനുവദിച്ചിട്ടുണ്ട്. വാങ്ങുന്ന ടിക്കറ്റിന്റെ എണ്ണത്തിന് ആനുപാതികമായ ഡിസ്കൗണ്ട് കിഴിച്ചുള്ള തുകയ്ക്ക് സഹകരണസംഘങ്ങൾക്കും ജില്ലാ / താലൂക്ക് ഭാഗ്യക്കുറി ഓഫീസിൽ നിന്നും ടിക്കറ്റ് ലഭിക്കുന്നതാണ്. |
| (ബി) | ഇല്ലെങ്കിൽ ഇവർക്ക് മൊത്ത വിതരണ നിരക്കിൽ ടിക്കറ്റുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) & (സി) | രജിസ്റ്റേർഡ് ഏജന്റുമാർക്ക് നൽകി വരുന്ന ഡിസ്കൗണ്ട് നിരക്ക് സഹകരണ സംഘങ്ങൾക്കും ബാധകമാണ്. |
| (സി) | ഇവരുടെ പ്രശ്നം പ്രത്യേകമായി പരിഗണിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ ? | | |

**സെക്ഷൻ ഓഫീസർ.**